**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2098** **16-03-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ അച്ചടി സ്വകാര്യമേഖലയിൽ നല്കാൻ അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | null<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ അച്ചടി ജോലികൾ ഗവൺമെന്റ് പ്രസ്സുകളെ ഒഴിവാക്കി സ്വകാര്യമേഖലയ്ക്ക് നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാർ അച്ചടി ജോലികൾ സ്വകാര്യമേഖലയ്ക്ക് നൽകുന്നതിനുമുമ്പ് ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ അനുമതി വാങ്ങാറുണ്ടോ; | (എ) | ഉണ്ട്. സർക്കാർ അച്ചടി ജോലികൾ ഗവൺമെന്റ് പ്രസ്സുകളെ ഒഴിവാക്കി സ്വകാര്യമേഖലയ്ക്ക് നൽകുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാ സർക്കാർ വകുപ്പുകളുടെയും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെയും അച്ചടി സംബന്ധിച്ച എല്ലാ ജോലികളും, അച്ചടി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ പ്രസ്സുകളിൽ മാത്രം ഏൽപ്പിക്കണമെന്നും/സർക്കാർ പ്രസ്സുകളിൽ അച്ചടി നിർവ്വഹിക്കുവാൻ സാധിക്കാത്ത അച്ചടി ജോലികൾ മാത്രം സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിന്റെ അനുമതിയോടെ മാത്രം, സർക്കാരേതര/ സ്വകാര്യ പ്രസ്സുകളിൽ അച്ചടിക്കാവൂയെന്നും എല്ലാ ഭരണ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകി 10.07.2019ലെ 161/എച്ച്3/18/ഉ.വി.വ നമ്പർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അപ്രകാരം അനുമതി വാങ്ങിയിരിക്കണം എന്ന സർക്കാർ നിർദ്ദേശം/ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് കർശനമായി പാലിക്കാൻ വകുപ്പുകൾക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. സർക്കാർ അച്ചടി ജോലികൾ ഗവൺമെന്റ് പ്രസ്സുകളെ ഒഴിവാക്കി സ്വകാര്യമേഖലയ്ക്ക് നൽകുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാ സർക്കാർ വകുപ്പുകളുടെയും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെയും അച്ചടി സംബന്ധിച്ച എല്ലാ ജോലികളും, അച്ചടി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ പ്രസ്സുകളിൽ മാത്രം ഏൽപ്പിക്കണമെന്നും/സർക്കാർ പ്രസ്സുകളിൽ അച്ചടി നിർവ്വഹിക്കുവാൻ സാധിക്കാത്ത അച്ചടി ജോലികൾ മാത്രം സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിന്റെ അനുമതിയോടെ മാത്രം, സർക്കാരേതര/ സ്വകാര്യ പ്രസ്സുകളിൽ അച്ചടിക്കാവൂയെന്നും എല്ലാ ഭരണ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകി 10.07.2019ലെ 161/എച്ച്3/18/ഉ.വി.വ നമ്പർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത |

| | | | |
|---|---|---|---|
| | | | സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**
**ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്**

നം. 161/എച്ച്3/18/ഉ.വി.വ. തിരുവനന്തപുരം, തീയതി : 10.07.2019

## സർക്കുലർ

വിഷയം:- അച്ചടി വകുപ്പ് - സർക്കാരിന്റെ അച്ചടി ജോലികൾ, അച്ചടി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ പ്രസ്സുകളിൽ നിർവ്വഹിക്കണമെന്ന നിലവിലുള്ള നിർദ്ദേശം പാലിക്കാത്തത് - സംബന്ധിച്ച്.

സൂചന:- 1. 05.03.2007 ലെ 27089/എച്ച്3/06/ഉ.വി.വ നമ്പർ സർക്കുലർ.
2. അച്ചടി വകുപ്പ് ഡയറക്ടറുടെ 28.11.2018 ലെ 12173/2018/എസ് & വി നമ്പർ കത്ത്.

സർക്കാർ വകുപ്പുകളുടെയും/സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, യൂണിവേഴ്സിറ്റികൾ, ബോർഡുകൾ തുടങ്ങിയവയുടെയും അച്ചടി സംബന്ധമായ ജോലികൾ, അച്ചടി വകുപ്പിന്റെ കീഴിലുള്ള സർക്കാർ പ്രസ്സുകളിൽ തന്നെ നിർവ്വഹിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോഡ് 2-ാം വാല്യം Appendix 4 ലെ 42-ാം അനുച്ഛേദത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത അച്ചടി ജോലികൾ, സർക്കാർ പ്രസ്സുകളിൽ മാത്രം നിർവ്വഹിക്കുന്നതിനും, അച്ചടി വകുപ്പിനു സാധിക്കാത്തവ ഗവ. പ്രസ്സുകളുടെ സൂപ്രണ്ടിന്റെ അനുമതിയോടുകൂടി മാത്രം മറ്റു സ്വകാര്യ പ്രസ്സുകളിൽ അച്ചടിക്കുന്നതിനും എല്ലാ വകുപ്പ് മേധാവികൾക്കും പരാമർശം (1) ലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

2. സർക്കാർ പ്രസ്സുകളിൽ അച്ചടി സംബന്ധമായ ജോലികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിന് മതിയായ സംവിധാനം/സാഹചര്യം നിലവിലുണ്ടെങ്കിലും, പല വകുപ്പുകളും/സ്ഥാപനങ്ങളും, പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാതെ അച്ചടി ജോലികൾ സർക്കാരേതര പ്രസ്സുകളെ ഏൽപ്പിക്കുന്ന പ്രവണത കൂടി വരുന്നതായും, ഇത്തരം നടപടികൾ സർക്കാരിനു ഭീമമായ സാമ്പത്തിക ബാധ്യതയുണ്ടാകുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3. ഈ പ്രവണത സർക്കാർ ഗൗരവപൂർവ്വം വീക്ഷിക്കുന്നു. എല്ലാ സർക്കാർ വകുപ്പുകളുടെയും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെയും, അച്ചടി സംബന്ധിച്ച എല്ലാ ജോലികളും, അച്ചടി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ പ്രസ്സുകളിൽ മാത്രം ഏൽപ്പിക്കണമെന്നും/സർക്കാർ പ്രസ്സുകളിൽ അച്ചടി നിർവ്വഹിക്കുവാൻ സാധിക്കാത്ത അച്ചടി ജോലികൾ മാത്രം സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിന്റെ അനുമതിയോടെ മാത്രം, സർക്കാരേതര/സ്വകാര്യ പ്രസ്സുകളിൽ അച്ചടിക്കാവൂയെന്നും എല്ലാ ഭരണ വകുപ്പ് മേധാവികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ടി

....(2)

നിർദ്ദേശങ്ങൾക്കു വിരുദ്ധമായ നടപടികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം, ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനമേധാവികൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഭരണ വകുപ്പ് മേധാവികൾ തങ്ങളുടെ നിയന്ത്രണത്തിലുള്ള വകുപ്പ്/സ്ഥാപന മേധാവികൾക്ക് നൽകേണ്ടതാണ്.

**ടോം ജോസ്**
**ചീഫ് സെക്രട്ടറി**

പകർപ്പ്:-

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പ് തലവന്മാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).
അക്കൗണ്ടന്റ് ജനറൽ (എ & ഇ)കേരള, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
സെക്രട്ടറി. നിയമസഭാ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, ഹൈക്കോടതി, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള, കൊച്ചി, കോഴിക്കോട്, കണ്ണൂർ യൂണിവേഴ്സിറ്റികൾ (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, എറണാകുളം (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/തിരുവനന്തപുരം ശാഖ (ആമുഖ കത്ത് സഹിതം).
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം).
ഡയറക്ടർ. വിവരപൊതുജനസമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ